# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2262 - 05/02/2018 -ലെ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന്റെ വിഹിതം

ചോദ്യം | ഉത്തരം

ശ്രീ. കെ. കൃഷ്ണൻകുട്ടി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനം നൽകേണ്ട വിഹിതം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം അറുപത്തിയാറിൽ നിന്നും ഇരുപത്തിയെട്ട് എണ്ണമാക്കി കുറയ്ക്കുകയുണ്ടായി. ഇതിൽ ആറെണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും ഇരുപത് എണ്ണം കോർ എന്ന വിഭാഗത്തിലും രണ്ടെണ്ണം ഓപ്ഷണൽ വിഭാഗത്തിലുമായാണ് നിജപ്പെടുത്തിയത്.<br><br>**കോർ ഓഫ് ദി കോർ:-** ഈ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ തൊണ്ണൂറ് ശതമാനം കേന്ദ്രവും പത്ത് ശതമാനം സംസ്ഥാനവും വഹിക്കേണ്ടതാണ്.<br><br>**കോർ:-** കോർ എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് അറുപത് ശതമാനം കേന്ദ്ര വിഹിതവും നാൽപത് ശതമാനം സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് എഴുപത്തിയഞ്ച് ശതമാനം, എൺപത് ശതമാനം എന്ന രീതിയിൽ കേന്ദ്ര വിഹിതം ലഭിക്കുമായിരുന്നു.<br>**ഓപ്ഷണൽ:-** ഈ വിഭാഗത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം 50 : 50 എന്ന അനുപാതത്തിലാണ്. |

| | | |
|---|---|---|
| | | നടപ്പ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ സംസ്ഥാന വിഹിതമായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ളത് 2783.29 കോടി രൂപയാണ്. |
| ബി | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായിട്ടുള്ള തുകകൾ ട്രഷറിയിലല്ലാതെ മറ്റ് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ നിന്നു ലഭിക്കുന്ന പലിശ ഏതിനെല്ലാമാണ് വിനിയോഗിക്കുന്നത്; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; അതു സംബന്ധിച്ച് ഉത്തരവ് ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | 08.12.2014 തീയതിയിലെ കേരള സർക്കാർ ഉത്തരവ് ജി.ഒ.(പി.)നം. 533/2014/ഫിൻ പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികൾ ക്കായിട്ടുള്ള തുകകൾ സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി റൂട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സർവ്വ ശിക്ഷാ അഭിയാൻ(എസ്.എസ്.എ.), രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, പ്രധാനമന്ത്രി ആവാസ് യോജന, പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന, പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന, നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ തുടങ്ങിയ കേന്ദ്രാ വിഷ്കൃത പദ്ധതികൾക്കായിട്ടുള്ള തുകകൾ സംസ്ഥാന ട്രഷറിയിൽ എത്തുകയും പിന്നീട് അതാത് പദ്ധതികൾക്കായുള്ള ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൈമാറി നൽകുകയാണ് ചെയ്യുന്നത്. കേന്ദ്രസർക്കാർ പുറപ്പെടുവി ച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാന ത്തിലാണ് ഇങ്ങനെ ചെയ്യുന്നത്. ഇങ്ങനെ ബാങ്കിൽ നിക്ഷേപിക്കുന്നതിൽ നിന്ന് ലഭിക്കുന്ന പലിശ അതതു പദ്ധതികളുടെ നടത്തിപ്പിനായി തന്നെയാണ് വിനിയോഗി ക്കുന്നത്. |

സെക്ഷൻ ഓഫീസർ